## പ്രാഥമിക വിവരങ്ങൾ

അധ്യാപികയുടെ പേര് : ഷിഫ്ന ഷാജഹാൻ
വിദ്യാലയത്തിന്റെ പേര് :
ക്ലാസ് : 5
വിഷയം : അടിസ്ഥാന പാഠാവലി.
യൂണിറ്റ് : കാട്ടിലെ കളികൾ
തീയതി :
സമയം : 45 min

### പഠനലക്ഷ്യം

കവിത ഈണത്തിലും താളത്തിലും ചൊല്ലി ആസ്വദിക്കുന്നു.

### ആശയങ്ങൾ.

- വിവിധ വിഭാഗങ്ങളിലുള്ള കവിതകളുണ്ട്
- കവിതകൾ ആസ്വദിക്കാൻ കഴിയുന്നു
- വ്യത്യസ്ത ഈണത്തിലും താളത്തിലും കവിത ചൊല്ലാൻ സാധിക്കുന്നു

### നൈപുണികൾ

- കവിത ചൊല്ലാനുള്ള നൈപുണി
- കവിതാസ്വാദനത്തിനുള്ള നൈപുണി
- ഗ്രൂപ്പ് പ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള നൈപുണി

മൂല്യങ്ങൾ / മനോഭാവങ്ങൾ

- മറ്റുള്ളവരുടെ കവിത ശ്രവിക്കാനുള്ള മനോഭാവം
- കവിത ചൊല്ലാനുള്ള മനോഭാവം
- സഹകരണ മനോഭാവം

വ്യവഹാരരൂപങ്ങൾ

- കവിത
- ചിത്രീകരണം

പഠനോപാധികൾ

- KT
- ചാർട്ട്

സർഗ്ഗവേള

- കവിതാലാപനം

CTA

- കവിതാലാപനം

| പഠനപ്രവർത്തനം | വിലയിരുത്തൽ |
| --- | --- |

## പ്രവേശക പ്രവർത്തനം

അധ്യാപിക ക്ലാസിൽ പ്രവേശിക്കുകയും കവിതകൾ കേൾക്കാറുണ്ടോ എന്ന് അന്വേഷിക്കുകയും ചെയ്യുന്നു. തുടർന്ന് 1,2 കുട്ടികൾക്ക് കവിത പാടാൻ അവസരം. അധ്യാപിക വെണ്ണക്കണ്ണൻ എന്ന കവിതയുടെ ഓഡിയോ ക്ലിപ്പ് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപിക ചില ചോദ്യങ്ങൾ ചോദിക്കുന്നു

· നിങ്ങൾ ഈ കവിത മുമ്പ് കേട്ടിട്ടുണ്ടോ?

· ഇത് ആരുടെ കവിതയാണ്?

· ഈ കവിതയിലെ കഥാപാത്രങ്ങൾ ആരൊക്കെയാണെന്ന് നിങ്ങൾക്ക് അറിയാമോ?

ഈ കവിതയിൽ നിന്ന് നിങ്ങൾക്ക് എന്ത് മനസ്സിലായി.

കുട്ടികൾ പ്രതികരിക്കുന്നു.

## അനുഭവം പറയാം

കുട്ടികൾക്ക് തന്റെ ജീവിതത്തിൽ മറക്കാനാവാത്ത രസകരമായ (കുസൃതികൾ) അനുഭവം പറയാൻ അധ്യാപിക അവസരം നൽകുന്നു. തുടർന്ന് അധ്യാപിക കുട്ടിക്കാലത്ത് തനിക്കുണ്ടായ ഒരു അനുഭവം പങ്കുവയ്ക്കുന്നു

പാഠഭാഗത്തിലേക്ക്

അധ്യാപിക പാഠഭാഗത്തിൽ നൽകിയിരിക്കുന്ന ചിത്രം പ്രദർശിപ്പിക്കുന്നു. തുടർന്ന് ചില ചോദ്യങ്ങൾ ചോദിക്കുന്നു.

- ചിത്രത്തിൽ എന്തെല്ലാമാണ് കാണുന്നത്?

  കുട്ടികൾ പ്രതികരിക്കുന്നു.

- കൃഷ്ണനും കൂട്ടുകാരും എന്തു ചെയ്യുകയാണ്?

  (കളിക്കുന്നു)

- കണ്ണനെയും കൂട്ടുകാരെയും അവരുടെ കളികളെയും നമുക്ക് പരിചയപ്പെടാം എന്ന് അധ്യാപിക പറയുന്നു.

ശേഷം അധ്യാപിക കാട്ടിലെ കളികൾ എന്ന് BB യിൽ എഴുതുന്നു. കുട്ടികൾക്ക് മൗനമായി വായിക്കാനവസരം നൽകുന്നു. അപരിചിത പദങ്ങളുടെ അടിയിൽ വരയ്ക്കാൻ Tr നിർദ്ദേശിക്കുന്നു. വായിക്കാൻ പ്രയാസമുള്ള കുട്ടികളെ പ്രത്യേകം സഹായിക്കുന്നു. അധ്യാപിക ഉചിതമായ ഈണത്തിലും ഭാവത്തിലും കവിത ചൊല്ലുന്നു. 1, 2 കുട്ടികൾക്ക് വ്യക്തിഗതമായി ഇതു വായിക്കാൻ അവസരം നൽകുന്നു.

ഗ്രൂപ്പിൽ ചൊല്ലൽ

അധ്യാപിക കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിക്കുന്നു. കവിത ഇഷ്ടമുള്ള ഈണത്തിൽ ഗ്രൂപ്പിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. കുട്ടികൾ അവതരിപ്പിക്കുന്നു.

## വിലയിരുത്തൽ

മികച്ച രീതിയിൽ കവിത അവതരിപ്പിച്ച ഗ്രൂപ്പിനെ കണ്ടെത്താനായുള്ള സൂചകങ്ങൾ അധ്യാപികയും കുട്ടികളും ചേർന്ന് ചർച്ച ചെയ്യുന്നു. കുട്ടികളുടെ പ്രതികരണങ്ങൾ ബോർഡിൽ എഴുതുന്നു. തുടർന്ന് വിലയിരുത്തൽ സൂചകങ്ങളുടെ ചാർട്ട് പ്രദർശിപ്പിക്കുന്നു.

**സൂചകങ്ങൾ**

- ആശയ വ്യക്തത
- ആകർഷകമായ ഈണം
- ഉചിതമായ ഭാവം
- ശബ്ദക്രമീകരണം.

മികച്ചതായി കവിത ചൊല്ലിയ ഗ്രൂപ്പിനെ കണ്ടെത്തുന്നു. അഭിനന്ദിക്കുന്നു.

### തുടർപ്രവർത്തനം

കാട്ടിലെ കളികൾ എന്ന കവിത ഇഷ്ടമുള്ള ഈണത്തിൽ ചൊല്ലുക.

## പ്രാഥമികവിവരങ്ങൾ

അധ്യാപികയുടെ പേര് : ശില്പാമോഹൻ
വിദ്യാലയത്തിന്റെ പേര് :
ക്ലാസ് : V
വിഷയം : അടിസ്ഥാനപാഠാവലി
യൂണിറ്റ് : കാട്ടിലെ കളികൾ
സമയം : 45mnt
തീയതി :

### പഠനലക്ഷ്യം

- കവിത ഈണത്തിലും താളത്തിലും ചൊല്ലി അവതരിപ്പിക്കുന്നു.
- നിശ്ചിതപാഠത്തിൽ നിന്ന് ആവശ്യമായ പദങ്ങൾ വാക്യങ്ങൾ ആശയങ്ങൾ എന്നിവ കണ്ടെത്തി പറയുകയും എഴുതുകയും ചെയ്യുന്നു.

### ആശയങ്ങൾ

- കവിത വ്യത്യസ്ത ഈണത്തിൽ ചൊല്ലാൻ സാധിക്കുന്നു
- നിഘണ്ടുവിൽ നിന്നും അർത്ഥം കണ്ടെത്തുന്നു.
- കവിത ആസ്വദിക്കാൻ കഴിയുന്നു.
- സഹപാഠികളുടെ കവിതാലാപനം വിലയിരുത്താൻ സാധിക്കു

### നൈപുണികൾ

- കവിതയ്ക്ക് സ്വന്തമായി ഈണം കണ്ടെത്താനുള്ള നൈപുണി
- കവിതാലാപനം വിലയിരുത്താനുള്ള നൈപുണി
- നിഘണ്ടു നോക്കി പദങ്ങളുടെ അർത്ഥം കണ്ടെത്താനുള്ള നൈപുണി.

മൂല്യങ്ങൾ മനോഭാവങ്ങൾ

കവിത ചൊല്ലാനുള്ള മനോഭാവം
മറ്റുള്ളവരെ വിലയിരുത്താനുള്ള മനോഭാവം
കവിത ആസ്വദിക്കാനുള്ള മനോഭാവം.

വ്യവഹാരരൂപം
കവിത

പഠനസാമഗ്രി
ചാർട്ട്
നിഘണ്ടു.

| പഠനപ്രവർത്തനം | വിലയിരുത്തൽ |
|---|---|
| കവിത ചൊല്ലൽ (3 mnts)<br><br>കഴിഞ്ഞ ദിവസം തുടർപ്രവർത്തനമായി കവിത ഇഷ്ടമുള്ള ഈണത്തിൽ പഠിച്ചു കൊണ്ട് വരാൻ പറഞ്ഞ പ്രവർത്തനം എല്ലാവരും ചെയ്തിട്ടുണ്ടോ എന്നറിയാൻ ഓരോ കുട്ടികൾക്കും കവിത ചൊല്ലാനുള്ള അവസരം നൽകുന്നു. വായനയിൽ ബുദ്ധിമുട്ടുള്ള കുട്ടികളെ Tr- സഹായിക്കുന്നു. അധ്യാപിക കവിത ചൊല്ലുന്നു<br><br>പദങ്ങൾ കണ്ടെത്താം (8 mnt)<br><br>അധ്യാപിക കുട്ടികളോട് "കാട്ടിലെ കളികൾ" എന്ന കവിത വായിച്ച് അപരിചിത പദങ്ങൾ കണ്ടെത്തി NB ൽ എഴുതുവാൻ നിർദ്ദേശിക്കുന്നു. കുട്ടികൾ വ്യക്തിഗതമായി എഴുതിയത് വായിക്കാൻ അവസരം നൽകുന്നു കുട്ടികൾ വായിക്കുന്ന പദങ്ങൾ അധ്യാപിക BB-ൽ കുറിക്കുന്നു. | |

പദങ്ങളന്വേഷിച്ച് (15mnt)

കുട്ടികൾക്ക് അപരിചിത പദങ്ങളുടെ അർത്ഥം ഊഹിച്ചു കണ്ടെത്തുവാൻ അവസരം നൽകുന്നു. അതിനായി അധ്യാപിക മറ്റ് കവിതകളോ സന്ദർഭങ്ങളോ പ്രയോഗിക്കുന്നു

ഉദാ: കേകി

{കേകികൾ പീലി വിടർത്തി നൃത്തം ചെയ്യുന്നത് കാണാൻ എന്ത് ഭംഗിയാണ്}

കുട്ടികൾ പ്രതികരിക്കുന്നു.

കണ്ടെത്തിയ അർത്ഥങ്ങൾ ശരിയാണോയെന്നറിയാനായി നിഘണ്ടു നൽകുന്നു കുട്ടികൾ നിഘണ്ടു നോക്കി ശരിയായ അർത്ഥം കണ്ടെത്തി പറയുന്നു. അധ്യാപിക BBൽ കുറിക്കുന്നു. കുട്ടികൾക്ക് പറയുവാൻ അവസരം നൽകുന്നു

പദഭണ്ഡാരത്തിലേക്ക് (4mnt)

കുട്ടികൾ പറഞ്ഞ പദങ്ങളുടെയും മറ്റ് പദങ്ങളുടെയും അർത്ഥം എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

അന്നങ്ങൾ - അരയന്നങ്ങൾ
കാകൻ - കാക്ക
കാനനം - കാട്
കിളുന്ന് - ഇളയത്
കോകിലം - കുയിൽ
കേകി - മയിൽ
ലീല - കളി

നന്ദനന്ദനൻ – നന്ദന്റെ മകൻ
(ശ്രീകൃഷ്ണൻ)

ഹംസം – അരയന്നം.

അധ്യാപികയും കുട്ടികളും ചേർന്ന് പദങ്ങൾ വായിക്കുന്നു. ശേഷം കുട്ടികൾക്ക് NB യിൽ എഴുതുവാൻ അവസരം. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ട സഹായം അധ്യാപിക നൽകുന്നു

<u>തുടർപ്രവർത്തനം</u> (1mnts]

കേകി, കാനനം, ഹംസം എന്നിവയ്ക്ക് സമാനമായ അർത്ഥങ്ങൾ NB ൽ കുറിക്കുക.

## പ്രാഥമിക വിവരങ്ങൾ

അധ്യാപികയുടെ പേര് : ശില്പ മോഹൻ

വിദ്യാലയത്തിന്റെ പേര് :

ക്ലാസ് : V

വിഷയം : അടിസ്ഥാന പാഠാവലി

യൂണിറ്റ് : കാട്ടിലെ കളികൾ

സമയം : 45 mint

തീയതി :

### പഠനലക്ഷ്യം

കഥ, കവിത, ലഘുവിവരണം എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു

### ആശയങ്ങൾ

- വരികളുടെ അർത്ഥം മനസിലാക്കി സ്വന്തം ഭാഷയിൽ എഴുതാൻ സാധിക്കുന്നു.
- കവിത ഈണത്തിൽ ചൊല്ലാൻ സാധിക്കുന്നു.

### നൈപുണികൾ

- കവിയെക്കുറിച്ചുള്ള ധാരണ
- ഭാഷാനൈപുണി
- ആശയങ്ങൾ ശ്രവിക്കാനുള്ള നൈപുണി
- കവിതയിലെ ആശയം ഉൾക്കൊണ്ട് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനുള്ള നൈപുണി

### മൂല്യങ്ങൾ / മനോഭാവങ്ങൾ

- കവിതയിലെ ആശയം ഉൾക്കൊണ്ട് പ്രവർത്തനങ്ങൾ എഴുതാനുള്ള മനോഭാവം.
- കവിതയെക്കുറിച്ച് അറിയാനുള്ള മനോഭാവം.

വ്യവഹാരരൂപം
·കവിത

പഠനസാമഗ്രികൾ
·ചാർട്ട് (പോസ്റ്ററുകൾ)
·ICT (പോസ്റ്ററുകൾ)

സർഗ്ഗശേഷി
കവിത ചൊല്ലൽ

CPTA
കവിത ചൊല്ലൽ.

| പഠനപ്രവർത്തനം | വിലയിരുത്തൽ |
|---|---|
| തുടർപ്രവർത്തനത്തിലൂടെ (8 min)<br>കഴിഞ്ഞ ക്ലാസിലെ തുടർപ്രവർത്തനമായ "സമാനപദം" കണ്ടെത്തുക എന്നത് എല്ലാ കുട്ടികളും പൂർത്തീകരിച്ചുവോ എന്ന് അറിയാനായി അധ്യാപിക ക്ലാസ് നമ്പർ വിളിക്കുന്നു. തുടർപ്രവർത്തനം കുട്ടികൾ വായിക്കുന്നു. തുടർപ്രവർത്തനം പൂർത്തിയാക്കാത്ത കുട്ടികൾക്ക് വേണ്ട സഹായം അധ്യാപിക നൽകുന്നു. ശേഷം TV പ്രദർശിപ്പിക്കുന്നു.<br><br>കേകി - മയിൽ, മയൂരം<br>കാനനം - വനം, കാട്<br>ഹംസം - അരയന്നം, അന്നം<br><br>കുട്ടികൾക്ക് വായിക്കാൻ അവസരം നൽകുന്നു. എഴുതാത്ത കുട്ടികൾക്ക് NBൽ എഴുതാൻ അവസരം നൽകുന്നു | |

ആമുഖത്തിലേക്ക് (15 mint)

അധ്യാപികയും കുട്ടികളും ചേർന്ന് 'കാട്ടിലെ കളി' എന്ന കവിതാഭാഗം ഉച്ചത്തിൽ വായിക്കുന്നു. ശേഷം കവിതയുടെ ആശയഗ്രഹണത്തിനായി അധ്യാപിക കുട്ടികളോട് ചില വിശകലന ചോദ്യങ്ങൾ ചോദിക്കുന്നു.

- കവിതയുടെ പേരെന്താണ്?
- നിങ്ങൾ കളിച്ചിട്ടുള്ള കളികൾ ഏതെല്ലാം?
- കണ്ണനും കൂട്ടുകാരും എന്ത് ചെയ്യുകയാണ്?
- ~~കണ്ണനും കൂട്ടുകാരും~~
- ഏതെല്ലാം കളികളെ പറ്റിയാണ് ഇവിടെ സൂചിപ്പിക്കുന്നത്?
- വാനരന്മാർ പാഞ്ഞ് മരത്തിൽ കയറിയപ്പോൾ കൃഷ്ണനും കൂട്ടരും എന്താണ് ചെയ്തത്?

(കുട്ടികൾ പ്രതികരിക്കുന്നു.)

ഇത്തരം ചില ചോദ്യങ്ങളിലൂടെ കുട്ടികളിൽ ആശയഗ്രഹണം നടത്തുന്നു. കുട്ടികളെക്കൊണ്ട് കവിതാഭാഗം 1,2 കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു.

കവിയിലൂടെ. (20 min)

കവിതാഭാഗം എഴുതിയ കവിയെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി Tr ചില ചോദ്യങ്ങൾ ചോദിക്കുന്നു.

- കവിത ഇഷ്ടമായോ?
- ഇത്രയും മനോഹരമായി ഈ കവിത എഴുതിയതാരാണ് എന്ന് അറിയണ്ടേ?

അധ്യാപിക ICT സാധ്യതയോടെ ചെറുശ്ശേരിയുടെ ചിത്രം കുട്ടികളെ കാണിക്കുന്നു.

(അദ്ദേഹത്തെക്കുറിച്ച് എന്തൊക്കെ കാര്യങ്ങൾ അറിയാമെന്ന് അധ്യാപിക ചോദിക്കുന്നു കുട്ടികൾ പ്രതികരിക്കുന്നു)

“കൃഷ്ണഗാഥ” എന്ന ചെറുശ്ശേരിയുടെ കൃതിയിൽ നിന്നെടുത്ത ഒരു ഭാഗമാണ് കാട്ടിലെ കളികൾ’ എന്ന് Tr പറയുന്നു. ശേഷം “കൃഷ്ണഗാഥ” എഴുതാനിടയായ സംഭവം കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കുന്നു.

“കോലത്തുനാട് ഭരിച്ചിരുന്ന ഉദയവർമ്മ രാജാവും ചെറുശ്ശേരിയും തമ്മിൽ ചതുരംഗം കളിക്കുമ്പോൾ - - . — — — — — — — — — — — — — — — ”

ശേഷം അധ്യാപിക ചെറുശ്ശേരിയെ കുറിച്ച് എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.

ചെറുശ്ശേരി

ക്രിസ്തുവർഷം 15-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മലയാള കവിയാണ് ചെറുശ്ശേരി നമ്പൂതിരി. പ്രാചീനകവിത്രയത്തിൽ ഒരാളായിരുന്നു ഇദ്ദേഹം ഭക്തിഫലിതം, ശൃംഗാരം എന്നീ ഭാവങ്ങളാണ് ചെറുശ്ശേരിയുടെ കാവ്യങ്ങളിൽ ദർശിക്കാനാവുന്നത്. മലയാള ഭാഷയുടെ

കേരളം സൗന്ദര്യബോധം ആദ്യമായി കാണാൻ കഴിയുന്നത് ചെറുശ്ശേരിയുടെ കൃഷ്ണഗാഥ എന്ന മനോഹരമായ കൃതിയിലൂടെയാണ്. വീരശൃംഖല അവാർഡ് ലഭിച്ചിട്ടുണ്ട്

1,2 കുട്ടികൾക്ക് ഉറക്കെ വായിക്കാൻ അവസരം നൽകുന്നു. അധ്യാപിക വായിക്കുന്നു. കുട്ടികൾക്ക് NB ൽ എഴുതാൻ അവസരം നൽകുന്നു.

<u>തുടർപ്രവർത്തനം (2min)</u>

ചെറുശ്ശേരിയുടെ മറ്റ് കൃതികൾ കണ്ടെത്തി NB യിൽ കുറിക്കുക.

4

## പ്രാഥമിക വിവരങ്ങൾ

അധ്യാപികയുടെ പേര് : ശില്പാമോഹൻ
വിദ്യാലയത്തിന്റെ പേര് :
ക്ലാസ് : 5
വിഷയം : അടിസ്ഥാന പാഠാവലി
യൂണിറ്റ് : കാട്ടിലെ കളികൾ
സമയം : 45 mint
തീയതി :

15

### പഠനലക്ഷ്യം

. കഥ, കവിത, ലഘുവിവരണം എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു
. കളികളും കായിക വിനോദങ്ങളും നല്ല ആരോഗ്യശീലങ്ങളാണെന്ന് തിരിച്ചറിയുന്നു.

### ആശയങ്ങൾ

. കവിതാഭാഗത്തെ ആശയത്തിന് മനസ്സിലാക്കാൻ കഴിയുന്നു
. വ്യത്യസ്തമായ കളികളെക്കുറിച്ച് മനസ്സിലാക്കാൻ കഴിയുന്നു
. ശാരീരിക മാനസിക ആരോഗ്യം കൈവരിക്കാൻ കളികളിലൂടെ സാധിക്കുന്നു.

### നൈപുണി.

. കവിത ചൊല്ലാനുള്ള നൈപുണി
. കളികളെ മനസ്സിലാക്കാനുള്ള നൈപുണി
. കളികൾ കളിക്കാനുള്ള നൈപുണി

മൂല്യങ്ങൾ / മനോഭാവങ്ങൾ

- കളികളെക്കുറിച്ച് മനസിലാക്കാനുള്ള മനോഭാവം.
- കളികളിലേർപ്പെടാനുള്ള മനോഭാവം.

വ്യവഹാരരൂപം

- കവിത
- കളി

പഠനസാമഗ്രികൾ

ചാർട്ട് (Paper strips)

ICT

സർഗ്ഗവേള

കവിത ചൊല്ലൽ

CPTA : കവിത ചൊല്ലൽ.

16

| പഠനപ്രവർത്തനം | വിലയിരുത്തൽ |
|---|---|
| തുടർപ്രവർത്തനത്തിലൂടെ. ([illegible])<br>കഴിഞ്ഞ ക്ലാസിലെ തുടർപ്രവർത്തനമായ "കൃഷ്ണഗാഥയിലെ" ഒരു കവിതാഭാഗം പഠിച്ചുകൊണ്ട് വന്നോ എന്നറിയാനായി അധ്യാപിക കുട്ടികൾക്ക് കവിത പാടാൻ അവസരം നൽകുന്നു കുട്ടികൾ പാടുന്നു. അധ്യാപിക കുട്ടികൾക്ക് വേണ്ട സഹായം നൽകുന്നു. കവിത ചൊല്ലിയ എല്ലാ കുട്ടികളെയും അഭിനന്ദിക്കുന്നു | |

ശേഷം കൃഷ്ണഗാഥയിലെ ഒരു ഭാഗമായ "ഗാനം കേട്ട നേരം" എന്ന കവിത അധ്യാപിക ചിത്രായ ഉണ്ണിക്കൊ ഓരോ ഉണ്ണിക്കും ചോദ്യം അവതരിപ്പിക്കുന്നു

കണ്ടെത്താം, എഴുതാം (5mins)

അധ്യാപിക കുട്ടികൾക്ക് കവിതാഭാഗം മൗനമായി വായിക്കാനവസരം നൽകുന്നു. തുടർന്ന് കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. ഗ്രൂപ്പുകൾക്ക് ഓരോ പേപ്പർ strip വീതം നൽകുന്നു. തുടർന്ന് അധ്യാപിക കവിതാഭാഗത്തെ ചില വരികളുടെ ആശയം എഴുതിയ paperstrip BBൽ പ്രദർശിപ്പിക്കുന്നു. ആ ആശയം ഉൾക്കൊള്ളുന്ന വരികൾ കവിതാഭാഗത്തുനിന്നും കണ്ടെത്തി അധ്യാപിക നൽകിയ paper stripsൽ എഴുതാൻ നിർദ്ദേശിക്കുന്നു. കുട്ടികൾ എഴുതുന്ന ശേഷം അത് അധ്യാപിക പ്രദർശിപ്പിച്ച paper stripൽ ഒപ്പം ഒട്ടിക്കാൻ ഓരോ ഗ്രൂപ്പിനും അവസരം നൽകുന്നു. തുടർന്നും അധ്യാപിക മറ്റ് വരികളുടെ ആശയങ്ങൾ പ്രദർശിപ്പിക്കുന്നു. കുട്ടികൾ അവർക്ക് കിട്ടിയ paperstripsൽ വരി കണ്ടെത്തി എഴുതുന്നു. പ്രദർശിപ്പിക്കുന്നു.

[ ഉദാ: "കൃഷ്ണനും കൂട്ടുകാരും ചേർന്ന് മരത്തിൽ പാഞ്ഞു കയറുന്ന കുരങ്ങിന്റെ വാലിൽ പിടിച്ച് വലിക്കുന്നു".
· വാനരം പാഞ്ഞു മരങ്ങളിലേറുമ്പോൾ വാലേ പിടിച്ചു വലിച്ചു പിന്നെ". ]

കളിക്കാം രസിക്കാം (20min)

കളിക്കുന്ന കൂട്ടുകാരും കളികൾ ... ഈ ചോദി... കളികൾ നിങ്ങൾ കണ്ടല്ലോ. ... ക്കുന്നു. അവർ അവരെപ്പോലെ കളിക്കാൻ നിങ്ങൾക്കും ആഗ്രഹമില്ലേ?

(കുട്ടികൾ പ്രതികരിക്കുന്നു)

അധ്യാപിക "മാണിക്യ ചെമ്പഴുക്ക" എന്ന കളി കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്നു. കളിക്കാൻ അനുയോജ്യമായ സ്ഥലം അധ്യാപികയും കുട്ടികളും ചേർന്ന് ക്രമീകരിക്കുന്നു. ശേഷം കളിയുടെ ചിട്ടവട്ടങ്ങൾ അധ്യാപിക വിശദീകരിച്ചു കൊടുക്കുന്നു. <u>കളിക്കുന്ന രീതി</u>: കുട്ടികൾ വൃത്താകൃതിയിൽ നിൽക്കുന്നു. പിന്നിലേക്ക് പിടിച്ച കൈകളിൽ ഒരു ചെമ്പഴുക്ക പോലുള്ള അടയ്ക്ക - എന്തെങ്കിലും ഒരു വസ്തു കൈമാറ്റം ചെയ്യപ്പെടുന്ന പ്രക്രിയയാണ്. വൃത്തത്തിന് നടുവിൽ നിൽക്കുന്ന ആൾ അറിയാതെ പിന്നിലൂടെ ചെമ്പഴുക്ക കൈമാറ്റം ചെയ്യുമ്പോൾ എല്ലാവരും ചേർന്ന് പാട്ട് പാടുന്നു.

"ഓടുന്നു ഓടുന്നു മാണിക്യച്ചെമ്പഴുക്ക. ആ കയ്യിലിക്കയ്യിലേ മാണിക്യച്ചെമ്പഴുക്ക എന്റെ വലം കയ്യിലെ മാണിക്യ ചെമ്പഴുക്ക."

നടുവിൽ നിൽക്കുന്ന കുട്ടി ചെമ്പഴുക്ക കയ്യിലുള്ള ആളിനെ കൃത്യമായി തിരിച്ചറിഞ്ഞു പിടിക്കുമ്പോൾ അയാളെ നടുക്കുനിർത്തി വീണ്ടും കളി തുടരുന്നു

അധ്യാപികയും കുട്ടികളും ചേർന്ന്
കളിക്കുന്നു. പങ്കെടുത്ത എല്ലാ
കുട്ടികളെയും അധ്യാപിക അഭിനന്ദി-
ക്കുന്നു.

അധ്യാപിക ക്രോഡീകരിക്കുന്നു

കളികളും കായിക വിനോദങ്ങളും
നല്ല ആരോഗ്യത്തിലേക്കുള്ളതാണ്.
ശാരീരിക മാനസിക ആരോഗ്യം
കൈവരിക്കാൻ കളികളിലൂടെ
നമുക്ക് സാധിക്കുന്നു

തുടർ പ്രവർത്തനം (2min)

നാടൻ കളികൾക്ക് ഉദാഹരണ-
ങ്ങൾ NBൽ ലിസ്റ്റ് ചെയ്യുക

## പ്രാഥമിക വിവരങ്ങൾ

അധ്യാപികയുടെ പേര് : ശില്പാമോഹൻ
വിദ്യാലയത്തിന്റെ പേര് :
ക്ലാസ് : 5
വിഷയം : അടിസ്ഥാന പാഠാവലി
യൂണിറ്റ് : കാട്ടിലെ കളികൾ
സമയം : 45 മി
തീയതി :

### പഠനലക്ഷ്യം

• അനുഭവങ്ങളെ വസ്തുതകൾ ഉൾക്കൊണ്ടിട്ട് ലളിത ഭാഷയിൽ ആവിഷ്കരിക്കുമ്പോഴാണ് സുന്ദരമാകുന്നതെന്ന് തിരിച്ചറിയുന്നു.

### ആശയങ്ങൾ

• കവിതയെ മറ്റുള്ളവരുടെ മുന്നിൽ ആവിഷ്കരിക്കാൻ പല മാർഗങ്ങളുമുണ്ട് (അഭിനയം, നൃത്തം...)
• വ്യത്യസ്തതരം കളികളുണ്ട്.
• നിയമങ്ങൾ ഉള്ളതും ഇല്ലാത്തതുമായ കളികളുണ്ട്

### നൈപുണികൾ

• കവിത അവതരിപ്പിക്കാനുള്ള നൈപുണി
• അഭിനയിക്കാനുള്ള നൈപുണി.

### മൂല്യങ്ങൾ / മനോഭാവങ്ങൾ

• അഭിനയിക്കാനുള്ള മനോഭാവം
• സഹകരണ മനോഭാവം.

വ്യവഹാരരൂപം: കവിത

പഠനസാമഗ്രികൾ

ചാർട്ട്

ICT

സർഗവേള

കവിതയുടെ ദൃശ്യാവിഷ്കാരം

CPTA

കവിതയുടെ ദൃശ്യാവിഷ്കാരം.

| പഠനപ്രവർത്തനം | വിലയിരുത്തൽ |
|---|---|
| തുടർപ്രവർത്തനത്തിലൂടെ (4 min)<br>അധ്യാപിക ക്ലാസിൽ പ്രവേശിച്ച് തുടർപ്രവർത്തനം പൂർത്തിയാക്കിയോ എന്ന് അന്വേഷിക്കുന്നു. ശേഷം "കാട്ടിലെ കളികൾ" എന്ന കവിതാഭാഗത്തിന് സമാനമായ താളമുള്ള മറ്റ് കവിതകൾ ശേഖരിച്ചുകൊണ്ട് വന്നത് വായിക്കാനവസരം അധ്യാപിക കണ്ടുപിടിച്ച ചില കവിതകളുടെ പേരുകൾ പറയുന്നു.<br>• ഗാനം കേട്ട നേരം, വെണ്ണക്കണ്ണൻ<br>അധ്യാപിക BBൽ കുറിക്കുന്നു<br>തുടർപ്രവർത്തനം പൂർത്തിയാക്കാത്ത കുട്ടികൾക്ക് എഴുതാൻ അവസരം നൽകുന്നു. | |

## കളിയുടെ വരിയുടെ (15 മിനി)

അധ്യാപികയും കുട്ടികളും ചേർന്ന് 'കാട്ടിലെ കളികൾ' എന്ന കവിതയുടെ ഉചിതമായ ഈണത്തിലും താളത്തിലും ചൊല്ലുന്നു. ശേഷം അധ്യാപിക ചില ചോദ്യങ്ങൾ ചോദിക്കുന്നു.

- വ്യത്യസ്തമായ കളികൾ ഏതെങ്കിലും നിങ്ങൾ കളിച്ചിട്ടുണ്ടോ?
- നിങ്ങൾക്ക് അഭിനയിക്കാൻ ഇഷ്ടമല്ലേ?
- പക്ഷികളെയും മൃഗങ്ങളെയുമൊക്കെ അനുകരിക്കാൻ നിങ്ങൾക്ക് താൽപര്യമുണ്ടോ?

(കുട്ടികൾ പ്രതികരിക്കുന്നു)

അധ്യാപിക കവിതയിലെ രണ്ട് വരി പാടുന്നു

"കേകികൾ കൂകുമ്പോൾ കൂകിത്തുടങ്ങിനാൻ
കോകിലം പാടുമ്പോൾ പാടുകയും

അധ്യാപിക ചില ചോദ്യങ്ങൾ ചോദിക്കുന്നു:

- എന്തെല്ലാം കാഴ്ചകളാണ് ഈ വരികളിൽ നിങ്ങൾ കണ്ടത്?
- ഇതുപോലെയുള്ള കൂടുതൽ സന്ദർഭങ്ങൾ നമുക്ക് കവിതയിൽ നിന്നും കണ്ടെത്തിയാലോ?

(കുട്ടികൾ പ്രതികരിക്കുന്നു)

- ഈ സന്ദർഭങ്ങൾ ഉപയോഗിച്ച് നിങ്ങൾ അഭിനയിക്കാൻ തയ്യാറാണോ?

അധ്യാപിക കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. ശേഷം ഗ്രൂപ്പുകൾക്ക് അഭിനയിക്കാൻ ആവശ്യമായ തയ്യാറെടുപ്പ് നടത്താൻ വേണ്ട സമയം നൽകുന്നു. കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. അധ്യാപിക വേണ്ട സഹായം നൽകുന്നു. 

അഭിനയിക്കാം വിലയിരുത്താം (15min)

കുട്ടികൾക്ക് ഗ്രൂപ്പുകളിൽ കവിതാഭാഗം അവതരിപ്പിക്കാൻ അധ്യാപിക അവസരം നൽകുന്നു. കുട്ടികൾ അഭിനയിക്കുന്നു. ശേഷം അധ്യാപികയും കുട്ടികളും മികച്ച രീതിയിൽ അഭിനയിച്ച ഗ്രൂപ്പിനെ കണ്ടെത്താനായുള്ള സൂചകങ്ങൾ ചർച്ച ചെയ്യുന്നു കുട്ടികളുടെ പ്രതികരണങ്ങൾ BBൽ എഴുതുന്നു. തുടർന്ന് വിലയിരുത്താൻ സൂചകങ്ങളടങ്ങിയ ചാർട്ട് (TV) പ്രദർശിപ്പിക്കുന്നു.

- പശ്ചാത്തലം
- സംഭാഷണം
- ഉചിതമായ ഭാവം
- ശബ്ദക്രമീകരണം
- കുട്ടികളുടെ പങ്കാളിത്തം

മികച്ചതായി അഭിനയിച്ച ഗ്രൂപ്പിനെ കണ്ടെത്തുന്നു. അഭിനന്ദിക്കുന്നു.

## എന്റെ കളിമോഹങ്ങൾ (10min)

അധ്യാപിക കുട്ടികളോട് ചില ചോദ്യങ്ങൾ ചോദിക്കുന്നു.

- നിങ്ങൾ ഏതെല്ലാം കളികൾ കളിച്ചിട്ടുണ്ട്?
- നിങ്ങൾ ആഗ്രഹിച്ചിട്ടും കളിക്കാൻ കഴിയാത്ത കളികളുണ്ടോ? ഏതെല്ലാം?
- എന്തുകൊണ്ടാണ് അതിന് കഴിയാതെ വന്നത്?

(കുട്ടികൾ പ്രതികരിക്കുന്നു)

ശേഷം ഓരോ കുട്ടിക്കും അവരുടെ കളിമോഹങ്ങളെപ്പറ്റി ക്ലാസിൽ പറഞ്ഞവതരിപ്പിക്കാൻ അവസരം നൽകുന്നു. അധ്യാപിക തനിക്കുണ്ടായ കളിമോഹത്തെക്കുറിച്ച് കുട്ടികളുമായി പങ്കുവയ്ക്കുന്നു. (സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് ജാവലി throw ന് selection കിട്ടാതെ പോയതും, കൂട്ടുകാർക്കൊപ്പമുള്ള PT പീരിയഡുകൾ നഷ്ടമായതും ....) പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ട സഹായങ്ങൾ നൽകുന്നു.

## തുടർപ്രവർത്തനം. (1min)

നടക്കാതെപോയ കളിമോഹത്തെ പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക

## പ്രാഥമിക വിവരങ്ങൾ

അധ്യാപികയുടെ പേര് : ശില്പാമോഹൻ.
വിദ്യാലയത്തിന്റെ പേര് :
ക്ലാസ് : 5
വിഷയം : അടിസ്ഥാന പാഠാവലി
യൂണിറ്റ് : കാട്ടിലെ കളികൾ
സമയം : 45 mint
തീയതി :

### പഠനലക്ഷ്യം

- കവിതകൾ, കായിക വിനോദങ്ങൾ എന്നിവയെ വ്യത്യസ്ത രീതിയിൽ പ്രതിപാദിക്കുന്ന വിധം സാഹിത്യരൂപങ്ങളുണ്ടെന്ന് മനസ്സിലാക്കുന്നു.
- കവിത ഉചിതമായ ഈണത്തിലും താളത്തിലും ചൊല്ലി അവതരിപ്പിക്കുന്നു

### ആശയങ്ങൾ

- കവിതകൾക്ക് വ്യത്യസ്ത ഈണവും താളവുമുണ്ട്.
- സമാനതാളമുള്ള ധാരാളം കവിതകളുണ്ട്
- രണ്ട് പ്രസ്താവനകൾ താരതമ്യം ചെയ്യാൻ സാധിക്കുന്നു

### നൈപുണികൾ

- താരതമ്യം ചെയ്യാനുള്ള നൈപുണി
- കവിത ഈണത്തിലും താളത്തിലും ചൊല്ലാനുള്ള നൈപുണി.

ലക്ഷ്യങ്ങൾ / മനോഭാവങ്ങൾ

- കവിത ഈണത്തിലും താളത്തിലും ചൊല്ലാനുള്ള മനോഭാവം
- കവിത ആസ്വദിക്കാനുള്ള മനോഭാവം
- താരതമ്യം ചെയ്യാനുള്ള മനോഭാവം.

വ്യവഹാരരൂപം :- കവിത.

പഠനസാമഗ്രികൾ :

- ചാർട്ട്
- ICT

സർഗ്ഗവേള :

കവിത ചൊല്ലൽ

CPTA : കവിത ചൊല്ലൽ.

26

| പഠനപ്രവർത്തനം | വിലയിരുത്തൽ |
|---|---|

തുടർപ്രവർത്തനത്തിലൂടെ (5min)

അധ്യാപിക ക്ലാസിൽ പ്രവേശിച്ച് തുടർപ്രവർത്തനം പൂർത്തിയാക്കിയോ എന്ന് അന്വേഷിക്കുന്നു. ശേഷം കുട്ടികൾ നാടൻ കളികൾ ലിസ്റ്റ് ചെയ്ത് കൊണ്ടുവന്നത് വായിക്കാൻ അവസരം നൽകുന്നു. അധ്യാപിക TV പ്രദർശിപ്പിക്കുന്നു.

- ഗോലികളി
- ഉപ്പുകളി
- ചെസ് കളി
- കുഴിപ്പന്ത്
- ചട്ടികളി

കുട്ടികൾ TV വായിക്കുന്നു. തുടർപ്രവർത്തനം പൂർത്തിയാക്കാത്ത കുട്ടികൾ TV നോക്കി NBൽ എഴുതുന്നു

താരതമ്യം ചെയ്യാം (15min)

അധ്യാപിക കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. ഗ്രൂപ്പുകളിൽ വീണ്ടും പാഠഭാഗം വായിക്കാൻ അവസരം നൽകുന്നു. തുടർന്ന് TB pg no:16ലെ "താരതമ്യം" ചെയ്യാം എന്ന പ്രവർത്തനത്തിന്റെ ഉത്തരം ഗ്രൂപ്പിൽ ചർച്ച ചെയ്ത് NBൽ എഴുതാൻ അധ്യാപിക നിർദ്ദേശിക്കുന്നു. ഗ്രൂപ്പുകളിൽ എല്ലാ കുട്ടികളുടെയും

ഉറപ്പുവരുത്തുന്നു.
പങ്കാളിത്തം ഉറപ്പ് ഉത്തരങ്ങൾ
ഓരോ ഗ്രൂപ്പിനും അവസരം
അവതരിപ്പിക്കാൻ അവസരം വിലയിരുത്ത
നൽകുന്നു. പരസ്പര വിലയിരുത്തൽ കൂട്ടിച്ചേർക്കലുക
ൽ നടത്തുന്നു. Tr കൂട്ടിച്ചേർക്കലുകൾ
നടത്തുന്നു. കുട്ടികൾ മെച്ചപ്പെടുത്തു
ന്നു. അധ്യാപിക ക്രോഡീകരിക്കുന്നു.

"കണ്ണനും കൂട്ടുകാരും കളിക്കാനാ-
യി പോയത് കാട്ടിലേക്കാണ്.
കാട്ടിലെ ചില മൃഗങ്ങളുടെ
ശബ്ദങ്ങൾ അനുകരിക്കുകയും
കുരങ്ങന്മാരുടെ വാലിൽ പിടിച്ച്
വലിക്കുകയും ചെയ്തു. അരയന്നങ്ങൾ
പോലെ നടക്കാൻ ശ്രമിച്ചു.
ഇത്തരത്തിലുള്ള കളികൾ ഇന്നാരും
ഇപ്പോ കളിക്കാറില്ല. പ്രകൃതിയെ
തൊട്ടറിയുന്ന കളികളാണ്
കണ്ണനും കൂട്ടുകാരും കളിച്ചത്
എന്നാൽ ഇന്നത്തെ കുട്ടികൾ
ഫോണിലെയും കമ്പ്യൂട്ടറിലെയും
കളികളിൽ ചുരുങ്ങിപ്പോകുന്നു.
ചില കുട്ടികൾ സ്കൂളിലെ
കായിക വിനോദങ്ങളിൽ പങ്കെ-
ടുക്കുകയും ചെയ്യുന്നു"

പാടാം, രസിക്കാം (8min)

"'കാട്ടിലെ കളികൾ' എന്ന
കവിത എല്ലാവർക്കും ഇഷ്ടമായാ
ല്ലോ? Tr ചോദിക്കുന്നു. കാട്ടിലെ
കളികൾക്ക് സമാനമായ താളത്തിലു

ഈണത്തിലും മറ്റൊരു കവിത
നിങ്ങൾക്ക് ചൊല്ലാൻ സാധിക്കുമോ?
കുട്ടികൾ പ്രതികരിക്കുന്നു.

എന്നാൽ നമ്മുക്ക് കാട്ടിലെ കുട്ടികൾ എന്ന കവിതാഭാഗത്തിന് സമാനമായ ഈണത്തിൽ മറ്റൊരു കവിത ചൊല്ലാം. അധ്യാപിക പറയുന്നു pg no: 15 ലെ കവിത കുട്ടികൾക്ക് മൗനമായി വായിക്കാനവസരം നൽകുന്നു. ശേഷം അധ്യാപിക ഉചിതമായ ഈണത്തിലും ഭാവത്തിലും കവിത വായിക്കുന്നു. 1, 2 കുട്ടികൾക്ക് ഉച്ചത്തിൽ വായിക്കാനവസരം

ഗ്രൂപ്പിൽ ചൊല്ലാം (12 min)

അധ്യാപിക കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിക്കുന്നു. കവിത ഗ്രൂപ്പിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. കുട്ടികൾ അവതരിപ്പിക്കുന്നു. ICT ലൂടെ കവിത കേൾപ്പിക്കുന്നു.

ശേഷം അധ്യാപിക ICT സഹായത്തോടെ കവിതാഭാഗം എഴുതിയ ഒ.എൻ.വി. കുറുപ്പിന്റെ ചിത്രം പ്രദർശിപ്പിക്കുന്നു. തുടർന്ന് അധ്യാപിക ക്രോഡീകരിക്കുന്നു

"കിളിത്തൂവൽ" എന്ന ഒ.എൻ.
വി.യുടെ മനോഹരമായ ഒരു
കവിതയാണിത്. മലയാളത്തിലെ
പ്രശസ്ത കവിയാണിദ്ദേഹം.
ഒ.എൻ.വി എന്ന ചുരുക്ക പേരിൽ
അറിയപ്പെടുന്നു. കിളിത്തൂവലിലെ
പൂവുമായിട്ടാണ് കവി സാദൃശ്യപ്പെടുത്തി
രിക്കുന്നത്. തൂവലിന്റെ മനോഹാരിതയെ
തൊട്ടറിയാൻ ഈ കവിതയിലൂടെ നമുക്ക്
സാധിച്ചു"

തുടർപ്രവർത്തനം (5min)

"കാട്ടിലെ കളികൾ" എന്ന കവിതാഭാഗ
ത്തിന് സമാനമായ മറ്റ് കവിതകൾ
NB യിൽ ലിസ്റ്റ് ചെയ്യുക.